Mr. V. J. Mathai *(Planters):* It is not with any selfish motive that I have brought this matter before the Government. It is only in the interests of planters and also in the interests of thousands of coolies that work on the hills that I represent these matters here. It would also benefit those who might probably go and settle down there in future. So far as I am concerned, I have no planting interests there.

The opening words of the Hon'ble Ministerregarding the money spent on the road, I submit Sir, will be only an argument in my favour. There is a beautiful road there, I admit. It is because you cannot spend a few thousands now to improve the place, that you do not derive any benefit out of the road. So certainly I submit that it is an argument in my favour. On account of the very sympathetic assurance given by the Hon'ble Minister, I beg leave of the House to withdraw my motion.

Mr. C. V. Iyyu *(Kunnamkulam):* Does the Hon'ble Minister or the Conservator of Forests know of any area in the Nelliampathies free from malaria?

Mr. T. Narayana Menon *(Conservator of Forests):* I do not know of any.

The motion was, by leave, withdrawn.

Cut Motion No. 6.

Necessity for a midwife for every village.

Mr. E. Ikkanda Warriar *(Cheruthuruthi): To reduce the allotment of Rs. 32,203 for Sanitation and Conservancy by Re. 1. (The necessity for a midwife for every village).*

Sir, a midwife for every village is the subject matter of the motion that I have tabled. The necessity and importance of a midwife for every village had been admitted by Government. The only obstacle in their way, according to them, is finance. I am told there is a large saving by the abolition of two of the health centres. I would request the Government to spend the whole amount saved in giving as many midwives as possible to as many villages and achieve the ideal that I propose to place before them by means of this token motion. I therefore request the Government to expedite this programme of work.

മിസ്റ്റർ പുത്തൂർ അച്ചുതമേനോൻ: സർ, നാട്ടിൻപുറത്തെ കായ്ഫങ്ങൾപറയുമ്പോൾ സാധാരണയായി പണമില്ലെന്ന വാദം പുറപ്പെടുവിക്കാറുള്ള ഗവൺമെണ്ടിന്റെ ഭാഗത്തുനിന്ന് കൂടുതൽ യാതൊരു സംഖ്യയും ചിലവാക്കാതെ തന്നെ അത്യാവശ്യം വേണ്ട ഒരു കായ്ഫം നടപ്പിലാക്കാൻ കഴിയുമെന്ന് അറിയുന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ : ഇതു ഗവൺമെണ്ടു മുമ്പു സമ്മതിച്ചിട്ടുള്ള കാര്യമല്ലേ?

ഡോക്ടർ എ. ആർ. മേനോൻ : ഇതു സമ്മതിച്ചിട്ടുള്ളതല്ല. I will deal with that in my reply.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ : രണ്ടു ദിവസം മുമ്പു് എന്റെ സ്നേഹിതൻ മിസ്റ്റർ കെ. എസ്സ്. പണിക്കർ ഹെൽത്തു് സെൻറർ ഏർപ്പെടുത്തുകളഞ്ഞുവെന്നതിനെ പ്രതിഷേധിച്ചു് ഒരു പ്രസംഗം ചെയ്യുകയുണ്ടായി. നാട്ടുകാരുടെ പ്രതിനിധ്യം വഹിച്ചു ഇവിടെ വന്ന ഒരു മെംബർ ഇങ്ങിനെ പറഞ്ഞുകേട്ടതിൽ ഞാൻ അതിശയിക്കുന്നു. ബ്രിട്ടിഷു സാമ്രാജ്യത്തിന്റെ പ്രധാനമന്ത്രി മിസ്റ്റർ നെവിൽ ചേമ്പർലയിൻ ഇംഗ്ലണ്ടിൽ വളരെ ബുദ്ധിപൂർവ്വം ആരോഗ്യകേന്ദ്രങ്ങൾ വേണമെന്നു നിർബ്ബന്ധിച്ചിരിക്കെ, ഇവിടെ ആരോഗ്യകേന്ദ്രങ്ങൾ വേണ്ടായെന്നു പറയുന്നതു് എത്രത്തോളം ബുദ്ധിയുള്ള പ്രവൃത്തി ആണെന്നും മറും എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ പണിക്കർ ചോദ്യം ചെയ്യുകയുണ്ടായി. എന്നാൽ വില്ലേജുതോറും ഓരോ മലയികളെ വേണമെന്നും അതാണു ജനങ്ങൾക്കു് ഉപകാരപ്രദമെന്നുമുള്ളതിനു ഞാൻ ചോംബർലെയിനേയോ അതുപോലെ പാശ്ചാത്യരാജ്യങ്ങളിലുള്ള മറവല്ലവരെയോ ഉദാഹരണമായി ഉദ്ധരിക്കണമെന്നുദ്ദേശിക്കുന്നില്ല. ഇപ്പോൾ ജനങ്ങൾക്കു് അത്യാവശ്യം വേണ്ട കാര്യങ്ങൾ സാധിച്ചു കഴിഞ്ഞതിനു ശേഷം ലണ്ടനിലെ പോലെയുള്ള പരിഷ്കരണങ്ങളുടെ കാര്യവും മറും ആലോചിക്കാൻ തുടങ്ങാം. ഇപ്പോൾ ആരോഗ്യകേന്ദ്രങ്ങൾക്കായ് ചിലവാകുന്ന ഫനു ,൦൦൦ രൂപയിൽ രണ്ടു കേന്ദ്രങ്ങൾ നിറുത്തലാക്കി. ആ പണം കൊണ്ടു ഫ ൪ രൂപാ വീതം ചിലവാക്കി വെയ്ക്കാൻ സാധിക്കുന്നിടത്തൊളം മലയികളെ വില്ലേജുകളിൽ നിയമിക്കുക എന്ന എപ്പോഴും വളരെ അത്യാവശ്യമായ ഒന്നാണെന്നാണു് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മന്ത്രി ഫ ൪ രൂപാ വീതമാണു് ഈ മലയികളെ നിയമിക്കുന്നതിനു ചിലവു നിശ്ചയിച്ചിരിക്കുന്നതു്. ഇപ്പോൾ ഉള്ള ൪ ആരോഗ്യകേന്ദ്രങ്ങളും നിറുത്തലാക്കിയാൽ കൊച്ചി രാജ്യത്തിൽ ഒട്ടാകെ ആവശ്യമുള്ള മലയികളെ വെയ്ക്കാൻ സാധിക്കുമെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ടു് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അവർകളുടെ കൂടുതൽ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : സർ, ഓരോ വില്ലേജിലും സൂതികമ്മിണികളെ നിയമിക്കണമെന്നുള്ളതു് ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പലപ്രാവശ്യവും ഈ നിയമസഭ ഇതിനുമുമ്പുതന്നെ പെടുത്തീട്ടുണ്ടു്. ഗവൺമെണ്ടിന്റെ കോൺസ്റ്റിറ്റിയൻസിയോടു് അതുനടപ്പിൽവരുത്താമെന്നും ഗവൺമെണ്ടു സമ്മതിച്ചിട്ടുണ്ടു്. നാലു ഹെൽത്തു സെൻറർ ഉള്ളതുകൊണ്ടു് സൂതികമ്മിണികളെ വെക്കേണ്ട എന്നോ ഹെൽത്തു സെൻറർ വേണ്ട എന്നോ വെച്ചതുകൊണ്ടു് സൂതികമ്മിണികളെ നിയമിക്കണമെന്നോ ഉള്ളതല്ല ഇവിടത്തെ വിവാദവിഷയം. ഓരോ വില്ലേജിലും ഓരോ സൂതികമ്മിണിയെ വീതം നിയമിക്കണമെന്നുള്ളതാണു് ഇവിടത്തെ വാദം. ഇതിനുള്ള ഒരു പദ്ധതി ഇതിനു വളരെ മുമ്പു തന്നെ ഗവൺമെണ്ടു സമ്മതിച്ചിട്ടുള്ളതും ഈ നിയമസഭ അംഗീകരിച്ചിട്ടുള്ളതുമാണു്. എന്നാൽ ഹെൽത്തു സെൻറർസ് അത്യാവശ്യമാണെന്നും അതെടുത്തു കളയുന്നതു് അനൗചിത്യമാണെന്നും കഴിഞ്ഞ ശനിയാഴ്ച ഞാൻ മെയ്യു പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. അന്നു് അതിനു ശേഷം പ്രസംഗിച്ച ബഹുമാനപ്പെട്ട കാട്ടർ മെമ്പർ മിസ്റ്റർ പത്തൂർ അച്യുതമേനോൻ ഈ പ്രത്യേക സംഗതിയെപ്പറ്റി ഒന്നും സംസാരിക്കാതിരുന്നതും ഇപ്പോൾ സംസാരിക്കാമെ

LIBRARY ARCHIVES Kerala Legislative Assembly

ന്ന വെച്ചതും എന്തുകൊണ്ടാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. അടി ഒഴുക്കിൽ പെട്ടതിന്റെ ശേഷം ഒരു പക്ഷെ പിന്നീട് അദ്ദേഹം ആലോചിച്ചപ്പോൾ അസ്ഥാനത്തായാലും രണ്ടു വാക്കു പൊട്ടിക്കാമെന്നു വെച്ചതുകൊണ്ടായിരിക്കാം അതിനെ സംബന്ധിച്ചു രണ്ടു വാക്കു ഇപ്പോൾ പറയാൻ ഇടയായതു് എന്നാണു് എനിക്കു തോന്നുന്നതു്.

Mr. Puthur Achyuta Menon *(Kattur)*: Sir, I beg to correct the hon'ble member. I have supported that even then.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അന്നു് ഈ വക സംഗതിയെ പറ്റി പറയുവാൻ നോക്കാതെ ഇപ്പോൾ അസ്ഥാനത്തു കൊണ്ടുവന്നു് പ്രയോഗിച്ചു വെറുതെ ഒരു വേഷം കെട്ടാം എന്നു് അദ്ദേഹം വിചാരിച്ചതിൽ എനിക്കു് അത്ഭുതം തോന്നുന്നു.

സൂതികമ്മിണികളെ നിയമിക്കുന്ന കാര്യത്തിൽ ഈ നിയമസഭ ആദ്യം മുതല്ക്കു അനുകൂലഭാവമാണു് കാണിച്ചിട്ടുള്ളതു്. അതു കഴിഞ്ഞ കൌൺസിലിലെ ലേഡി മെമ്പറായിരുന്ന മിസ്സ്. ഡീസൂസ്സാ ഇതിനെപ്പറ്റി ഒരു ബിൽ കൊണ്ടുവന്നപ്പോൾ ഈ നിയമസഭയിൽ അനുഭവപ്പെട്ടകയ്പുണ്ടായിട്ടുണ്ടു്. ആ സ്ഥിതിക്കു് ഒരാൾക്കും ആക്ഷേപമില്ലാത്ത ഒരു സംഗതിയാണിതു്. എന്നാൽ ഹെൽത്തു് സെൻറർ നിറുത്തൽ ചെയ്തിട്ടു വേണോ വളരെ മുമ്പു തന്നെ ശവമ്മേണ്ടും നിയമസഭയും സമ്മതിച്ചിട്ടുള്ള ഒരു സംഗതി നടപ്പിൽ വരുത്തുവാൻ?

ഹെൽത്തു സെന്ററുകളിൽ, ര സെൻററുകളിലുമുള്ളതായ ഹെൽത്തു വിസിറ്റേഴ്സ് അതാതു ഗ്രാമങ്ങളിൽ ചുറ്റി സഞ്ചരിച്ചു ഗ്രാമീണർക്കു വേണ്ട ശുശ്രൂഷകൾ ചെയ്യുവരുന്നതു വളരെ പ്രയോജനകരമായി കണ്ടതുകൊണ്ടാണു് അതു് എടുത്തുകളയുന്നതിനെ ആദ്യം തന്നെ എതിർത്തു് അഭിപ്രായം പറഞ്ഞതു്. ബഹുമാനപ്പെട്ട കാട്ടൂർ മെമ്പർക്കു് ഈ കാര്യത്തിൽ ഇത്ര ആവേശം കൊള്ളുവാൻ കാരണമെന്തു്? വില്ലേജുതോറും സൂതികമ്മിണികളെ നിയമിക്കേണമെന്നുള്ളതു് ഒരു പുതിയ കണ്ടുപിടിത്തമല്ല. എന്റെ അഭിപ്രായം ഞാൻ പറഞ്ഞു. അദ്ദേഹത്തിന്റെ അഭിപ്രായം അദ്ദേഹം പറഞ്ഞു. എല്ലാ വില്ലേജുകളിലും സൂതികമ്മിണികളെ നിയമിക്കേണ്ടതു് അത്യാവശ്യമാണു്. ഹെൽത്തു സെൻററിനു ഫസ്, ൦ ൦ ൦ ക. യോളം ചിലവുണ്ടായിരുന്നു എന്നു പറയുന്നു. ഈ സൂതികമ്മിണികളെ നിയമിക്കുകയാണെങ്കിൽ ൬,൦൦൦ ക. യെ ചിലവുള്ളൂ എന്നും പറയുന്നു. അതുകൊണ്ടു ഫസ്റ്റ്-ൽ തന്നെ കഴിയുന്നിടത്തോളം എല്ലാ വില്ലേജുകളിലും സൂതികമ്മിണികളെ നിയമിക്കണമെന്നാവശ്യപ്പെട്ടുകൊള്ളുന്നു. ഹെൽത്തു് സെൻററുകൾ നിരുപയോഗമായ ഒരു സ്ഥാപനമാണെന്നു ജല്പിക്കുന്നതിൽ ഞാൻ അത്ഭുതപ്പെടുകതന്നെ ചെയ്യുന്നു. ജനിച്ച കുട്ടിയെ കൊന്ന ഗർത്തിലുള്ള കുട്ടിക്കു് ക്ഷേമസാധനങ്ങൾ സൂക്ഷിക്കുന്നവരെ ഉദ്ഘാടനമായിട്ടെ കാണ്മാൻ കഴിഞ്ഞിട്ടുള്ളൂ.

മിസ്റ്റർ സി. വി. ഇയ്യു: ബഹുമാനപ്പെട്ട ചെറുതുരുത്തി മെമ്പർ അവർകളുടെ അഭിപ്രായത്തോടു ഞാൻ അനുകൂലിക്കുന്നു. ഓരോ വില്ലേജിലും മലയി എന്നോ, സൂതികമ്മിണിയെന്നോ എന്തുപേർ പറഞ്ഞാലും പ്രസ്തുത ശുശ്രൂഷയ്ക്കാവശ്യമായ പരിചയമുള്ള സ്ത്രീകളെ നിയമിക്കേണ്ടതത്യാവശ്യമാണെന്ന അഭിപ്രായക്കാരനാണു ഞാനും. പഴയകാലങ്ങളിൽ ഈ ജോലി ചിലപ്രത്യേക ജാതിക്കാരാണു ചെയ്തുവന്നിരുന്നതു്. ഒരു ദേശത്തു ഒരു സൂതികമ്മിണി, ഒരു തട്ടാൻ, എന്നിങ്ങിനെ ആ ദേശത്തുള്ളവർക്കാവശ്യമായ വേലകൾ ഓരോ

LIBRARY ARCHIVES Kerala Legislative Assembly

ജാതിക്കാർക്കായി കണക്കാക്കിയിരുന്നു. ആ പഴയ ദേശഗതിയെ തുടർന്നാണ് ഇപ്പോൾ ഓരോ പഞ്ചായത്തിലും ഓരോ സൂതികമ്മിണിയെ നിയമിക്കുന്നതിനു ബഹുമാനപ്പെട്ട മന്ത്രി അവർകൾ തീർച്ചയാക്കിട്ടുള്ളതു്. പന്ത്രണ്ടോ, പതിനഞ്ചോ ഉറുപ്പിക മാത്രം ശമ്പളം കൊടുത്താലും ഇവർക്കു ശമ്പളം കൊടുപ്പാൻതന്നെ ഒരു നല്ല സംഖ്യ ആവശ്യമായിവരും.

എന്നാൽ ഓരോ ദേശത്തിലും ഈ ജോലി കുലത്തൊഴിലാക്കി വെച്ചിരിക്കുന്ന ചില ജാതിക്കാരുണ്ടു്. അവർക്കു് ഒരു പ്രോത്സാഹനം കൊടുക്കാനാണ് ബഹുമാനപ്പെട്ട മന്ത്രി അവർകൾ ഉദ്ദേശിക്കുന്നതെന്നു് പ്രതിനിസംഖ്യാനിച്ച പരസ്യങ്ങൾ കണ്ടപ്പോൾ ഞാൻ വിചാരിച്ചു. ഈ പരിശീലനത്തിനു പോകുന്നവർക്കു നിശ്ചയിച്ചിരിക്കുന്ന കാളിഫിക്കേഷൻ സ്സ്കൂൾ ഫൈനൽ കോഴ്സ് എന്നു നിർണ്ണയിച്ചതു കണ്ടപ്പോൾ ആ ഉദ്ദേശമില്ലെന്നു മനസ്സിലാക്കി. എന്നാൽ ഈതരം ജാതിക്കാരിൽനിന്നു സ്സ്കൂൾ ഫൈനൽവരെ പഠിക്കാൻ തുണിയുള്ളവർ വളരെ ചുരുക്കമാണു്. അതിനാൽ പരീക്ഷായോഗ്യത കുറച്ചു കുറഞ്ഞാലും അവരിൽനിന്നു കുറേപേരെ തിരഞ്ഞെടുത്തു പരിശീലനം കഴിപ്പിച്ചു നിയമിക്കുന്നതായിരിക്കും നല്ലതു്. അവർക്കു ശമ്പളം കൊടുത്തില്ലെങ്കിലും ഗ്രാന്റോ മറ്റോ കൊടുത്തു് ഒരു പ്രോത്സാഹനംനല്കിയാലും മതിയാകുന്നതാണ്.

മിസ്റ്റർ കെ. പി. വള്ളോൻ: അവർ ഏതുജാതിയാണെന്നുപറയാമോ?

മിസ്റ്റർ സി. വി. ഇയ്യു: ഞാൻ നിങ്ങളുടെ കാര്യംകൂടി പറയാൻപോകുന്നുണ്ടു്. എന്റെ അഭിപ്രായത്തിൽ പഴയകാലംമുതൽ ഈ തൊഴിലിൽതന്നെ പ്രവേശിച്ചിരിക്കുന്നവർക്കു് പ്രോത്സാഹനംകൊടുത്തു് അവരെതന്നെ ഈ വേലയ്ക്കു നിയമിക്കുന്നതാണു കുറെകൂടി പ്രയോജനകരം.

എന്നാൽ അധഃകൃത സമുദായങ്ങൾക്കു് ഈ എഴുപ്പാട്ടകൊണ്ടും ഗുണമുണ്ടാകയില്ല. അധഃകൃത സമുദായത്തിലുള്ളവർ ആശുപത്രിയുള്ള സ്ഥലത്തുള്ളവരാണെങ്കിലും ആ സമുദായക്കാർക്കു് ആശുപത്രിയിൽ പോകാൻ ധൈര്യംതന്നെയില്ല. ഒന്നാമതുതന്നെ ആശുപത്രിവരെ പോകാൻപോലും പണമുണ്ടായിരിക്കയില്ല. അതുകൊണ്ടു് അധഃകൃതരിൽനിന്നു കുറച്ചു സ്ത്രീകളെ പരിശീലനംകഴിപ്പിച്ചു സൂതികമ്മിണികളാക്കിയാൽ കൊള്ളാം. അവരിൽ സ്സ്കൂൾ ഫൈനൽവരെ പഠിച്ചവരും മറ്റും കാണുകയില്ല. അതിനാൽ കാളിഫിക്കേഷൻ കുറച്ചു്, വല്ല ഏഴാം ക്ലാസു പരീക്ഷവരെ പഠിച്ചാൽ മതി എന്നോ മറ്റോ ആക്കി കുറച്ചു് അവരെക്കൂടി സൂതികമ്മിണികളാക്കിയാൽ അതു് അധഃകൃതവർഗ്ഗക്കാർക്കു വളരെ ഉപകാരമായിരിക്കും. എന്നല്ല അവർക്കു ഫ്രീ ശമ്പളം കൊടുത്തില്ലെങ്കിലും ഏഴോ അറോ രൂപാ കൊടുത്താലും അവർ അതുകൊണ്ടു് തൃപ്തിപ്പെടുകയും ചെയ്യും.

അതുപോലെ ഇതു കുലവൃത്തി ആയിട്ടുള്ളവർക്കും പ്രോത്സാഹനം കൊടുക്കേണ്ടതാണ്. ഈ രണ്ടു കാര്യവുംകൂടിചേർത്തു് ഇതിനുള്ള എഴുപ്പാട ഒരു പ്രത്യേക രീതിയിലാക്കി കുറച്ചുകൂടി വ്യതിചലനം വരുത്തണമെന്നാണ് ഞാൻ ഈ ഉപക്ഷേപത്തിന്റെ തത്വത്തിലും ഇതിന്റെ ആവശ്യകതയിലും സവ്വാത്മനാ യോജിച്ചുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രി അവർകളോടു് അപേക്ഷിക്കുന്നതു.

മിസ്റ്റർ കെ. അയ്യപ്പൻ: സർ, സൂതികമ്മിണികളെ വെയ്ക്കുന്നതിനു സ്സ്കൂൾ ഫൈനൽ പരീക്ഷ വേണമെന്നു നിർബ്ബന്ധമുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: അങ്ങിനെ യാതൊരു നിശ്ചയമില്ലിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. വി. ഇയ്യു: ഗസറ്റിൽ സ്റ്റേറ്റ് ഫൈനൽവരെ പഠിച്ചിരിക്കണമെന്ന പ്രസിദ്ധപ്പെടുത്തിട്ടുണ്ട്".

മിസ്റ്റർ കെ. അയ്യപ്പൻ: പഴയരീതിയിലുള്ള മിഡ്‌വൈഫ്കളെ പരിശീലനം കൊടുത്തു പ്രസവശുശ്രൂഷയ്ക്കു നിയമിക്കുക എന്നു ബഹുമാനപ്പെട്ട കന്നംകുളം മെമ്പറവർകൾ പറഞ്ഞതു മുഴുവനും ശരി ആകയില്ല. സ്റ്റേറ്റ് ഫൈനൽ പരീക്ഷ പാസ്സായവരെ കിട്ടുമെങ്കിൽ അതാണു നല്ലതു്. ശാസ്ത്രീയമായ പരിശീലനം കിട്ടേണ്ടതുകൊണ്ടു സ്റ്റേറ്റ് ഫൈനൽവരെ പഠിച്ചവരായാൽ നന്നായിരിക്കും. പോരെങ്കിൽ ആയുസ്സു് എല്ലാപേക്കും വലുതാണു്. ആയുസ്സിന്റെ കാര്യമായതുകൊണ്ടു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. കഴിയുന്നതും വിദ്യാഭ്യാസമധികമുള്ളവരെ നിയമിക്കയാണുത്തമം.

മിസ്റ്റർ സി. വി. ഇയ്യു: ക്ഷുരകജാതിയിൽ സ്റ്റേറ്റ്ഫൈനൽവരെ പഠിച്ചവരെ കിട്ടാൻ വിഷമമാണു്. അതുപോലെ അധഃകൃത സമുദായത്തിലും സ്റ്റേറ്റ് ഫൈനൽവരെ പഠിച്ചിട്ടുള്ളവരെ കിട്ടുകയില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: സ്റ്റേറ്റ് ഫൈനൽ വരെ പഠിച്ചവരുണ്ടെങ്കിൽ ടെയ്നിംഗ് എളുപ്പമായിരിക്കുമെന്നാണു് പറഞ്ഞതു്.

മിസ്റ്റർ സി. വി. ഇയ്യു: മലയാളത്തിൽ പഠിപ്പിയ്ക്കണം.

*Dr. A. R. Menon *(Minister for Rural Development)*: Sir, I am very glad that the House appreciates the abolition of the health centres. Let us once again make it clear that it is not with a desire to cause any destruction that these centres have been closed down. I would have been very happy to retain all the four centres and to introduce this reform also if money is found. It is because there should be a sense of proportion that we chose between the two i. e., either to abolish the centres or to appoint the midwives. We chose the latter and we propose to utilise the saving consequent on the abolition of the centres for appointing the midwives. The figures quoted by Mr. Achyuta Menon are more or less correct. Our intention is that all the money that could be saved by the abolition of these centres would be devoted to the appointment of the midwives.. It is true that there is a notification issued by my hon'ble friend Dr. Rao to the effect that the qualification necessary for the admission to the training of midwives is School Final. In any case, I think it is essential that these candidates should possess some knowledge of English.....

Mr. President: Where are they trained now? In all the hospitals ?

Dr. A. R. Menon *(Minister for Rural Development)*: At present they are trained in the General Hospital, Ernakulam and the Maternity Hospital, Trichur.

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

It is essential that they should know some English. Whatever may be our notion about de-nationalisation, with regard to these matters they should know English. For the time being books are not obtainable on the subject in Malayalam and at least some books are necessary to teach them. I hope the hon'ble member, Mr. Ayyappan, will devote his attention to writing some books in Malayalam on this subject.

Mr. V. K. Krishnankutty *(Ezhuvas-Trichur):* Mrs. D'Souza Williams has written a book.

Dr. A. R. Menon *(Minister for Rural Development):* We are not very particular about the qualification.

Mr. President: Do you want School Finals for midwife's training?

Dr. A. R. Menon *(Minister for Rural Development):* The candidate must have studied up to the School Final Class. That is the notification. As I have been saying, this matter will be looked into and as far as possible we will see that unnecessarily high qualifications are not demanded. We will think about this matter and see whether any insurmountable difficulty exists for admitting depressed class communities also for training. I am very anxious that a good number of them should be included in the list of candidates for training. I may assure the House that their interests will be properly safeguarded in the selection. As has been truly observed by the hon'ble member for Kunnamkulam, this would perhaps be more useful to the depressed classes than other people. With regard to the other observation made by Mr. Iyyu I am anxious that this question should not be influenced by the question of barber women conducting labour cases. I know personally that they have been responsible for a good lot of mischief in connection with this affair. We are not going to prohibit them or penalise them for the time being. What we are going to do is to give facilities for training women as midwives and we are not going to stand in the way of these barber women for the time being. The hon'ble member observed that if we give them some kinds of stipends and try to educate them and if they are left alone in some localities, they will be able to carry on. We have tried that experiment and we have miserably failed. The amount of pay that we are going to give, *viz.*, Rs. 12, is not as a pay, but more or less an honorarium to help them at least to get two meals a day. I agree that it is not a very good pay, but that is sufficient as an aid. These midwives are not prohibited from receiving any money openly or graciously given by any one. We are not going to consider it as a sort of bribery if they receive any remuneration out of anybody's generosity. But they can't demand, that is all. I think, in all these rural areas they

LIBRARY ARCHIVES Kerala Legislative Assembly

will be able to get at least 10 to 15 rupees extra. With the help that we are giving, I think that will be a substantial amount and I have not the least anxiety about the number of candidates that would present themselves for this work. I may assure you that all the points raised by the various hon'ble members of this House will receive my best attention and I will try to give effect to all their recommendations as far as possible.

Mr. K. P. Vallon *(Nominated): To reduce the allotment of Rs. 1,50,400 for Public Health by Re. 1.* (സൂതികമ്മിണികളുടെ അഭാവത്തിൽ അധഃകൃത സമുദായങ്ങളുടെ ഇടയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭയങ്കര വിപത്തുക്കളെ തടയുന്നതിനു് അധഃകൃത യുവതികൾക്കു് പരിശീലനം നൽകുവാൻ അഭ്യർത്ഥിക്കുന്നതിനു്).

സർ, ഈ ആവശ്യത്തെ സംബന്ധിച്ചുതന്നെ ഞാനും ഒരു കട്ട് മോഷൻ അയച്ചിട്ടുണ്ടു്. അധഃകൃത സ്ത്രീകൾക്കുകൂടി പരിശീലനം കൊടുത്തു അവരെയും സൂതികമ്മിണികളായി നിയമിക്കേണ്ടതു് ഒരു അത്യാവശ്യ സംഗതിയാണു്. ഈ കാര്യം ബഹുമാനപ്പെട്ട മന്ത്രി അവർകൾതന്നെ ശ്രദ്ധിക്കുന്നുണ്ടെന്നും വേണ്ടതു ചെയ്യാമെന്നും നേരത്തെ പറഞ്ഞതുകൊണ്ടു് ഞാൻ കൂടുതൽപറയുന്നില്ല. ഇതു പ്രത്യേകമായി പരിഗണിക്കേണ്ട ഒരു സംഗതിയാണു്.

ഇവിടെ പ്രസ്താവിച്ചുകേട്ടതുപോലെയുള്ളവരെ മാത്രം നിയമിച്ചാൽ അതുകൊണ്ടു നമ്മുടെ കാര്യം നടക്കുകയില്ല. അവർ അധഃകൃതരുടെ വീടുകളിൽ പോകുമോ എന്നു സംശയമാണു്. പണത്തിന്റെ അഭാവം മാത്രമല്ല, ജാതിയുടെ വിഷമതയുമുണ്ടാകും. ബഹുമാനപ്പെട്ട കന്നംകുളം മെമ്പർ പറഞ്ഞതുമാതിരി സ്കൂൾ ഫൈനൽ പരീക്ഷ വേണമെന്നുള്ള നിയമം ഭേദപ്പെടുത്തി അതിൽ താണതരത്തിലായാലും മതി, നിവൃത്തിയുള്ളപക്ഷം മലയാളത്തിൽതന്നെ പഠിപ്പിക്കുന്നതിനു ശ്രമിക്കണമെന്നാണു് എന്റെ അപേക്ഷ.

Dr. A. R. Menon *(Minister for Rural Development):* Sir, as a matter of fact I have been trying my level best to entertain them in this department and one or two recommendations have already been made to the Chief Medical Officer. I am sure there are qualified women in the community.

മിസ്റ്റർ കെ. അയ്യപ്പൻ: സ്കൂൾഫൈനൽ പരീക്ഷ വരെ പഠിച്ചിരിക്കണമെന്നു് നിയമം വെയ്ക്കുന്നപക്ഷം പിന്നെ ഇവരിൽനിന്നും എങ്ങിനെ എടുക്കാൻസാധിക്കും?

Dr. A. R. Menon *(Minister for Rural Development):* We are not going to insist upon these qualifications in the case of the depressed classes. Nothing prevents the Government from lowering the qualification. We will consider the question once again and see that the qualification is reduced consistent with the requirements. As a matter of fact, we have been trying even now to see that they get training as midwives. I shall bear in mind the request of the

LIBRARY ARCHIVES Kerala Legislative Assembly

hon'ble member for Depressed Classes and will give my best attention in even making some concessions in their case so that they may get in as midwives.

Mr. E. Ikkanda Warriar *(Cheruthuruthi):* Sir, in view of the assurance given by the Hon'ble Minister, I do not wish to press the motion and beg leave of the House to withdraw it.

The motion was, by leave, withdrawn.

The House rose for lunch at 1 p.m. and re-assembled at 2-30 p.m. with the Hon'ble Deputy President in the Chair.

Cut Motion No. 7.

To remove the nightsoil depot at Palluruthi.

മിസ്റ്റർ ഖി. എം. പീറർ : മിസ്റ്റർ പ്രസിഡൻറ്, സർ, *" To reduce the allotment of Rs. 32,203 for Public Health Sanitation works by Re. 1.*

(മട്ടാഞ്ചേരിയിലെ മലശോധനം ജനനിബിഡമായിരിക്കുന്ന പള്ളുരുത്തിയിൽ നടത്തുന്നതിനാൽ തദ്ദേശവാസികൾ അനുഭവിച്ചുവരുന്ന അസഹ്യമായ കഷ്ടപ്പാടുകളെപ്പറ്റി ഗവൺമെണ്ടിനെ ധരിപ്പിക്കുവാൻ).

ഇപ്പോൾ മട്ടാഞ്ചേരിയിലെ മലം കൊണ്ടുപോയി ശേഖരിച്ചുവരുന്ന സ്ഥലം ഉദ്ദേശം മൂന്നു നാഴിക തെക്കുള്ള പള്ളുരുത്തിയിലാണ്. മട്ടാഞ്ചേരിയിൽനിന്നും പള്ളുരുത്തിയിലേക്കുള്ള വഴി ആകെക്കൂടി ഒറ്റമൈൽ റോഡ് മാത്രമെയുള്ളൂ. ഇതാണ് ഇടക്കൊച്ചിവരെയുള്ള റോഡ്. ഈ റോഡിൽകൂടി വേണം അതുരിലേക്കു പോകുവാൻ. ഏകദേശം കാലത്തു് ഏഴു മണി മുതൽ ഫൂ മണിവരെ ആ റോഡിൽ ഈ വണ്ടികൾ അല്ലാതെ വേറെ വണ്ടികൾക്കു കടക്കുക എന്നതു പ്രയാസമാണ്. ഒന്നാമതു് ഇതിലെ ദുരിതം ഈ വണ്ടികൾ വലിക്കുന്ന കൂലിക്കാരെപറ്റിയാണ്. വയറുപിഴപ്പിനുവേണ്ടിയാണ് ഇത്രയും ഹീനകരമായിരിക്കുന്ന പ്രവൃത്തിക്കു പുറപ്പെടുന്നതു്. ഈ സാധുവണ്ടിക്കാർ എട്ടു നാഴിക വലിക്കുന്നതു് ഒരു മാനീയ പ്രവൃത്തിയിലും കഷ്ടമായാണ് എനിയ്ക്കു തോന്നുന്നതു്. ഇടക്കൊച്ചി റോഡിനു് ഇപ്പോഴുള്ള ഏക അലങ്കാരം ഈ മലവണ്ടികൾ മാത്രമാണ്. ആ റോഡിൽ ആളുകൾക്കു സഞ്ചരിക്കുവാൻ പലരെ കഷ്ടപ്പാടുകൾ നേരിടുന്നുണ്ടു്. ഇതിനുംപുറമെ മലം ശേഖരിക്കുന്ന സ്ഥലം വളരെ ജനങ്ങൾ തിങ്ങിത്താമസിക്കുന്നതായ ഒരു സ്ഥലത്താണ് സ്ഥിതിചെയ്യുന്നതു്. ജനങ്ങൾ തിങ്ങിത്താമസിക്കാത്ത പല സ്ഥലങ്ങളും അവിടങ്ങളിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടു്. എന്നാൽ ഡിപ്പാർട്ട്മെണ്ടിൽനിന്നും ഇതിലേക്കുവേണ്ടി തിരഞ്ഞെടുത്തിട്ടുള്ള സ്ഥലം ജനനിബിഡമായ ഒരു പ്രദേശമാണ്. അതുകാരണം അതിനടുത്തുള്ള പലേ ആളുകളും ഈ രാജ്യം വിട്ടു മറ്റു രാജ്യങ്ങളിൽ പോയി താമസിക്കുന്നതിനുകൂടി ഇടവന്നിട്ടുണ്ടു്. അതുകൊണ്ടു് കഴിയുന്നതും വേഗത്തിൽ ഈ ഡിപ്പോ അവിടെനിന്നും മാറ്റുന്നതു നന്നായിരിക്കും. ഇതു് ആദ്യം പുഴയിൽ കൊണ്ടുപോയി കളയുകയായിരുന്നു പതിവു്. ആ പതിവുതന്നെ വീണ്ടും ആവർത്തിച്ചാൽ മതി.

മിസ്റ്റർ പോപ്പട്ടലാൽ ഗോവിന്ദലാലൻ : ഫാർബർക്കാരുടെ അസൌകര്യംകൊണ്ടാണ് മാറ്റിയതു്.

LIBRARY ARCHIVES Kerala Legislative Assembly